അന്തരിച്ചു

കെ.നാരായണൻ

പുല്ലൂർ: പൊള്ളക്കടയിലെ കെ.നാരായണൻ (74) അന്തരിച്ചു. പരേതരായ ശങ്കരന്റെയും രുദ്രാണിയുടെയും മകനാണ്. ഭാര്യ: നളിനി (പയ്യന്നൂർ). മക്കൾ: സേതുനാഥ് (ഖത്തർ), അമിത. മരുമക്കൾ:ജ്യോതി (പെരിയാനം), വേണുഗോപാൽ (ബോവിക്കാനം). സഹോദരങ്ങൾ: കെ.കരുണാകരൻ, കെ.പത്മനാഭൻ, കെ തങ്കമണി, കെ.അശോകൻ പരേതനായ ബാലകൃഷ്ണൻ.

കരിങ്കൽ കൃഷ്ണൻ

നീലേശ്വരം: ചായ്യോം,പള്ളിയത്തെ കരിങ്കൽ കൃഷ്ണൻ (83) അന്തരിച്ചു. ഭാര്യ: കാർത്ത്യായനി. മക്കൾ: കാഞ്ചന (പാലാത്തടം), ഗംഗാധരൻ (ഗൾഫ്), സുധാകരൻ (ഖത്തർ). മരുമക്കൾ: പ്രഭാകരൻ (പാലാത്തടം), വിദ്യ ചെറിയാക്കര, (കയ്യൂർ), നിഖില (കാലിക്കടവ്). സഹോദരങ്ങൾ: കേളു (ചാമക്കുഴി), അമ്പു മൂപ്പിൽ, പരേതരായ ചിരുത, കണ്ണൻ, കുഞ്ഞിരാമൻ, കുഞ്ഞമ്മാർ (മണിമുണ്ട).

സുശീല

ഉപ്പള: ബേക്കൂർ ബൊള്ളാറുവിലെ പരേതനായ സങ്കയ്യ ഷെട്ടിയുടെ ഭാര്യ സുശീല (91) അന്തരിച്ചു. മക്കൾ: ശ്രീദേവി, സുലോചന, രവീന്ദ്രഷെട്ടി(സി പി എം ലോക്കൽ സെക്ര), ജയന്തി, രമേശ്, ചന്ദ്രഹാസ. മരുമക്കൾ: വനിത, മാലതി, പ്രതിഭ, രാമണ്ണഷെട്ടി, ചന്ദ്രശേഖര. സഹോദരങ്ങൾ: പത്മനാഭ, കുസുമ, സുഗുണ, വനജാക്ഷി, സഞ്ജീവ, മഹാബല.

ഡ്രൈവിങ് ടെസ്റ്റ്: കോവിഡ് സർട്ടിഫിക്കറ്റ് നിർബന്ധം

കാസർകോട്:മോട്ടോർ ഡ്രൈവിങ് ലൈസൻസ് ടെസ്റ്റിന് അപേക്ഷിക്കുന്നവർ ടെസ്റ്റിന് ഹാജരാകുമ്പോൾ കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ്ഹാജരാക്കണമെന്ന് റീജിയണൽ ട്രാസ്പോർട്ട് ഓഫീസർ അറിയിച്ചു. നിലവിൽ ട്രാസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ഡ്രൈവർമാരും കോവിഡ് പരിശോധന നടത്തുകയും നെഗറ്റീവ് സർട്ടിഫിക്കറ്റ് കൈവശം സൂക്ഷിക്കുകയും വേണം.

ഗതാഗതം നിരോധിച്ചു

കാഞ്ഞങ്ങാട്: ചെമ്മട്ടംവയൽ കാലിച്ചാനടുക്കം റോഡിൽ തീയ്യർ പാലം വരെ റോഡ് നിർമ്മാണ പ്രവർത്തനം നടക്കുന്നതിനാൽ അതുവഴിയുള്ള ഗതാഗതം 23 മുതൽ ഇനി ഒരറിയിപ്പ് ഉണ്ടാകുന്നത് വരെ നിരോധിച്ചു.

ഇതുവഴി പോകേണ്ട വാഹനങ്ങൾ മടിക്കൈ മാടം- വെള്ളാൻചേരി വഴി കോട്ടക്കുന്നിലേക്ക് പ്രവേശിക്കേണ്ടതും നീലേശ്വരം കാഞ്ഞങ്ങാട് ഭാഗത്തേക്ക് വരുന്ന വാഹനങ്ങൾ പുത്തക്കാൽ-ചാളക്കടവ്-മേക്കാട്ട് വഴി അമ്പലത്തറ വഴിയും യാത്ര ചെയ്യണം. ചെറു വാഹനങ്ങൾ മറ്റ് ബ്രാഞ്ച് റോഡുകൾ ഉപയോഗിക്കേണ്ടതാണ്.

കുമ്പളയിൽ ഏറ്റുമുട്ടലിനൊരുങ്ങി ലീഗും പൂഴി ലീഗും;മൂന്നു വാർഡുകളിൽ വിവാദം

കുമ്പള: മുസ്ലീംലീഗിന്റെ ശക്തി കേന്ദ്രമായ കുമ്പള ഗ്രാമപഞ്ചായത്തിൽ ലീഗും പൂഴി ലീഗും ഏറ്റുമുട്ടാനൊരുങ്ങുന്നു.

കുമ്പള പഞ്ചായത്തിലെ 21-ാം വാർഡായ മാട്ടങ്കുഴിയിലാണ് പാർട്ടി സ്ഥാനാർത്ഥിക്കെതിരെ ലീഗ് പ്രവർത്തകർ നാമനിർദ്ദേശ പത്രിക നൽകിയിട്ടുള്ളത്. ഇവിടെ മുസ്ലീം ലീഗ് ശാഖാ കമ്മറ്റി ശുപാർശ ചെയ്ത ആളെ മേൽ ഘടകം അവഗണിക്കുകയും പകരം പ്രഖ്യാപിച്ച ആളെക്കുറിച്ചു പ്രാദേശിക നേതൃത്വത്തോട് ആലോചിക്കുകപോലും ചെയ്തില്ലെന്നും പ്രവർത്തകർ പറയുന്നു. ഇതിൽ പ്രതിഷേധിച്ചു നാലു ലീഗ് പ്രവർത്തകർ ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ പത്രിക സമർപ്പിച്ചു. ഇവരിൽ മൂന്നുപേർ പത്രിക പിൻവലിക്കുമെന്നും ലീഗ് ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ ലീഗ് പ്രവർത്തകരുടെ സ്ഥാനാർത്ഥിയായി ജമാൽ ബത്തേരി മത്സരിക്കുമെന്നും അവർ പറയുന്നു. ലീഗ് നേതാവായിരുന്ന അഡ്വ. മുഹമ്മദ് ബത്തേരിയുടെ സഹോദരപുത്രനാണ് ജമാൽ. ഔദ്യോഗിക സ്ഥാനാർത്ഥിയായി രംഗത്തുള്ളതു നൗഷാദാണ്. എന്നാൽ സ്ഥാനാർത്ഥിയെ പാർട്ടി ഇതുവരെ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലെന്നു പ്രവർത്തകർ പറഞ്ഞു. കുമ്പള ടൗൺ, ബത്തേരി, മാട്ടങ്കുഴി, ശാന്തിപ്പള്ള പ്രദേശങ്ങളിലെ ലീഗ് പ്രവർത്തകരും കെ എം സി സി പ്രവർത്തകരു മുൾപ്പെട്ട കുമ്പള ടൗൺ മുസ്ലീം ലീഗ് വാട്സ് ആപ്പ് ഗ്രൂപ്പിലാണ് ഈ വാർഡുകളിലെ ലീഗിന്റെ ഔദ്യോഗിക പ്രഖ്യാപനങ്ങൾ ഉണ്ടാവുന്നതെന്നു പറയുന്നു. എന്നാൽ മാട്ടങ്കുഴി വാർഡിലെ പാർട്ടി സ്ഥാനാർത്ഥിയെക്കുറിച്ച് അതിൽ ഇതുവരെ അറിയിപ്പൊന്നും വന്നിട്ടില്ലെന്നും അതേസമയം മാട്ടങ്കുഴിയിലെ ലീഗ് സ്ഥാനാർത്ഥി ഞാനാണെന്നു നൗഷാദ് സ്വയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും പ്രവർത്തകർ ചൂണ്ടിക്കാട്ടി. എന്നാൽ ലീഗ് നേതാക്കൾ അതിനെക്കുറിച്ചും പ്രതികരിച്ചിട്ടില്ലെന്നു കൂട്ടിച്ചേർത്തു.

നേതാക്കൾക്കും മുകളിൽ പറക്കുന്ന പൂഴി മാഫിയയെ പേടിച്ചാണ് ഈ മൗനമെന്നു പ്രവർത്തകർ ആരോപിക്കുന്നു. നൗഷാദിന്റെ പ്രഖ്യാപനത്തെത്തുടർന്നാണ് ലീഗ് പ്രവർത്തകരായ മുഹമ്മദ് ഷമീർ, അൽത്താഫ്, ജമാൽ, ദവാദ് കോഹിന്നൂർ എന്നിവർ പത്രിക നൽകിയത്. യഥാർത്ഥ മുസ്ലീം ലീഗിനെ സംരക്ഷിക്കാനാണ് തങ്ങൾ പത്രിക നൽകിയതെന്ന് അവർ പറയുന്നു.

ബി ജെ പി യുടെ വാർഡായ മാട്ടങ്കുഴിയിൽ ഇത്തവണ മുസ്ലീംലീഗ് 250 പുതിയ വോട്ടർമാരെ ചേർത്തിരുന്നു. നിരവധി ബി ജെ പി വോട്ടുകൾ ഈ വാർഡിൽ വോട്ടേഴ്സ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 100ൽ പരം വോട്ടിന്റെ വ്യത്യാസത്തിലാണ് മുസ്ലീംലീഗിനെ ബി ജെ പി ഇവിടെ പരാജയപ്പെടുത്തിയത്. വാർഡ് ലീഗിനു കിട്ടാൻ സാധ്യത തെളിഞ്ഞതോടെയാണ് പൂഴിമാഫിയ രംഗത്തെത്തിയതെന്നു പ്രവർത്തകർ പറയുന്നു.

മാട്ടങ്കുഴി വാർഡിലെ പരസ്പരം ഏറ്റുമുട്ടൽ 14-ാം വാർഡായ പെർവാഡിലും പ്രതിഫലിപ്പിക്കാനും നീക്കമാരംഭിച്ചിട്ടുള്ളതായി പ്രവർത്തകർ സംശയിക്കുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ലീഗ് വിജയിച്ച വാർഡാണിത്. ഇവിടെ നിരവധി ലീഗ് പ്രവർത്തകർ സി പി എമ്മിലേക്കു മാറിയിട്ടുള്ളതായും സംസാരമുണ്ട്.

കോയിപ്പാടി കടപ്പുറത്തും സ്ഥാനാർത്ഥി നിർണ്ണയം വിവാദമായിട്ടുണ്ട്. ലീഗിന്റെ സജീവ പ്രവർത്തകനായ ഹനീഫയുടെ ഭാര്യയെ അവിടെ സ്ഥാനാർത്ഥിയാക്കണമെന്നു പ്രവർത്തകർ ആവശ്യപ്പെട്ടിരുന്നെങ്കിലും നിർണ്ണായക ഘട്ടത്തിൽ വനിതാ ലീഗ് നേതൃത്വം ഇട്ടെറിഞ്ഞുപോയ ഒരാളെ തിരിച്ചുകൊണ്ടുവന്നു സ്ഥാനാർത്ഥിയാക്കിയിരിക്കുകയാണെന്നും പ്രവർത്തകർ പറയുന്നു.

23 അംഗ കുമ്പള ഗ്രാമ പഞ്ചായത്തിൽ ലീഗിന് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 9 സീറ്റ് ലഭിച്ചിരുന്നു. കോൺഗ്രസിനു മൂന്നും സി പി എമ്മിന് ഒന്നും ബി ജെ പിക്ക് ഏഴും സീറ്റായിരുന്നു.

അജാനൂർ ഗ്രാമപഞ്ചായത്ത് പതിനഞ്ചാം വാർഡ് യുഡിഎഫ് തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനച്ചടങ്ങ്

ബങ്കളത്ത് സ്ഥാനാർത്ഥിയെ പിൻവലിക്കാനിടയായ ബലപ്രയോഗം

തിരഞ്ഞെടുപ്പു കമ്മീഷനു പരാതിയുമായി ബി ജെ പി

കാഞ്ഞങ്ങാട്: ബി ജെ പി സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്ത യുവതിയെ സംഘം ചേർന്നു വീട്ടിൽക്കയറി വധഭീഷണി മുഴക്കി നാമനിർദ്ദേശം പിൻവലിപ്പിച്ചതിനെതിരെ തിരഞ്ഞെടുപ്പു കമ്മീഷനു പരാതി നൽകുമെന്നു ബി ജെ പി ഭാരവാഹികൾ അറിയിച്ചു. നാമനിർദ്ദേശം ചെയ്ത ആൾ തന്നെ അതു പിൻവലിച്ചതോടെ മടിക്കൈ പഞ്ചായത്തിലെ ബങ്കളം വാർഡിൽ സി പി എം സ്ഥാനാർത്ഥിക്ക് എതിരില്ലാതായി. ബി ജെ പിയിൽ നിന്ന് ചന്ദ്രൻ എന്നയാളാണ് ഈ വാർഡിൽ പത്രിക നൽകിയിരുന്നത്. ചന്ദ്രനെ സ്ഥാനാർത്ഥിയായി നിർദ്ദേശിച്ച പ്രജിതയുടെ വീട്ടിലേക്ക് 20 വോളം സായുധ ധാരികളായ സി പി എം പ്രവർത്തകർ കടന്നു കയറുകയും വീടു വളഞ്ഞ ശേഷം പത്രിക പിൻവലിച്ചില്ലെങ്കിൽ വീട്ടുകാരെ മുഴുവൻ വകവരുത്തുമെന്നു ഭീഷണിപ്പെടുത്തുകയുമായിരുന്നെന്നു ബി ജെ പി ഭാരവാഹികൾ അറിയിച്ചു. ഗത്യന്തരമില്ലാതായ പ്രജിതയെ കൊണ്ടു ഒപ്പിടീപ്പിക്കുകയും ബി ജെ പി സ്ഥാനാർത്ഥിക്കു വേണ്ടി നടത്തിയ നാമനിർദ്ദേശം പിൻവലിക്കുകയുമായിരുന്നെന്ന് അറിയിപ്പിൽ പറഞ്ഞു. ഇതേ വാർഡിൽ പത്രിക സമർപ്പിക്കാനെത്തിയ കോൺഗ്രസ് പ്രവർത്തകനെ തടഞ്ഞുവച്ചു ഭീഷണിപ്പെടുത്തി തിരിച്ചയക്കുകയായിരുന്നെന്നും പരാതിയിൽ കൂട്ടിച്ചേർത്തു. സി പി എം സ്ഥാനാർത്ഥിയെ എതിരില്ലാതെ തിരഞ്ഞെടുത്തു വെന്നു വരുത്തിത്തീർക്കാനാണ് തിരഞ്ഞെടുപ്പു ചട്ടം പൂർണ്ണമായി ലംഘിച്ചതെന്നു കൂട്ടിച്ചേർത്തു.

71 പത്രിക തള്ളി;മത്സര രംഗത്ത് ഇപ്പോൾ 5318 പേർ

കാസർകോട്: തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിനു സമർപ്പിച്ച നാമ നിർദ്ദേശ പത്രികകളിൽ 71 എണ്ണം അസാധുവായി. ഇന്നലെ നടന്ന സൂക്ഷ്മ പരിശോധനയിലാണ് ഇവ തള്ളിക്കളഞ്ഞത്. കോൺഗ്രസ്, എസ് ഡി പി ഐ എന്നിവയുടെ ഓരോ സ്ഥാനാർത്ഥികളുടെ പത്രികയും തള്ളിയവയിൽപ്പെടുന്നു.5318 പത്രികകൾ സാധുവാണ്. ഇതിൽ ഡമ്മികൾക്കും റിബലുകൾക്കും സ്വതന്ത്രന്മാർക്കും പത്രിക പിൻവലിക്കുന്നതിനു മറ്റന്നാൾവരെ അവസരമുണ്ട്. ജില്ലാ പഞ്ചായത്തിൽ 94 സ്ഥാനാർത്ഥികളും ആറു ബ്ലോക്കു പഞ്ചായത്തുകളിലായി 476 സ്ഥാനാർത്ഥികളുമാണ് മത്സര രംഗത്തുള്ളത്.

ഗ്രാമപഞ്ചായത്തുകളിൽ ചെംനാട്ടാണ് ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ-165. കുമ്പളയിൽ 163വും ചെങ്കളയിൽ 148വും അജാനൂരിൽ 129വും തൃക്കരിപ്പൂരിൽ 135വും ദേലമ്പാടിയിൽ 134വും ബദിയഡുക്കയിൽ 113വും സ്ഥാനാർത്ഥികളുണ്ട്. ഈ പഞ്ചായത്തുകളിലാണ് സ്ഥാനാർത്ഥികൾ കൂടുതലുള്ളത്.

തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്തു

അജാനൂർ: അജാനൂർ ഗ്രാമപഞ്ചായത്ത് പതിനഞ്ചാം വാർഡ് യുഡിഎഫ് സ്ഥാനാർത്ഥി സി.പി.അബ്ദുൾ റഹ്മാന്റെ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് മണ്ഡലം ലീഗ് സെക്രട്ടറി വൺഫോർ അബ്ദുൾ റഹ്മാൻ ഉദ്ഘാടനം ചെയ്തു. സി മുഹമ്മദ് കുഞ്ഞി ആധ്യക്ഷം വഹിച്ചു. എ.ഹമീദ് ഹാജി, തെരുവത്ത് മൂസ ഹാജി, പി.എംഫാറൂഖ് ഹാജി, സി ഹമീദ്, കെ രവീന്ദ്രൻ, ഷീബ സതീശൻ, സലീം, പി.പി.അബ്ദുൾ റഹ്മാൻ, പി.പി.കുഞ്ഞബ്ദുല്ല, ഖാലിദ്, പി.എം ഫൈസൽ, എ.അബ്ദുല്ല, സി.എച്ച്.മൊയ്തു ഹാജി, സി.എച്ച്.ഹംസ, ശംസു പ്രസംഗിച്ചു.

ജനറൽ ആശുപത്രിയിൽ നടന്ന നവജാതശിശു വാരാഘോഷം

നവജാത ശിശു വാരാഘോഷം നടത്തി

കാസർകോട്: നവജാത ശിശു വാരാഘോഷത്തിന്റെ ഭാഗമായി ഗവ. ജനറൽ ആശുപത്രിയിൽ പ്രസവാനന്തര അമ്മമാർക്കും പരിചരണക്കാർക്കും പുതിയ പരിചരണ മാനദണ്ഡങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തി. ഇന്ത്യൻ അക്കാദമി പീഡിയാട്രിക്സ്, ഐ എം എ എന്നിവരുടെ സഹകരണത്തോടെയായിരുന്നു പരിപാടി. ഗവ. ജനറൽ ആശുപത്രിയിലെ സീനിയർ മെഡിക്കൽ കൺസൾട്ടന്റും അനസ്തേഷ്യോളജിസ്റ്റ് അസോസിയേഷൻ ദേശീയ പ്രസിഡന്റുമായ ഡോ. വെങ്കട ഗിരി ഉദ്ഘാടനം ചെയ്തു. കാസർകോട് ഐ എം എ പ്രസിഡണ്ട് ഡോ ബി നാരായണ നായക്ക് ആധ്യക്ഷം വഹിച്ചു. റോട്ടറി ക്ലബ് പ്രസിഡണ്ട് ഡോ. സി എച്ച് ജനാർദ്ദന നായക്ക്, ഡോ. കൃഷ്ണ നായക്ക്, ഡോ. വസന്തി പ്രീമ, ഡോ. അബൂബക്കർ, ഡോ. അനന്യ പ്രസംഗിച്ചു.

ആൾ കേരള ഫോട്ടോഗ്രാഫേർസ് അസോസിയേഷൻ കാസർകോട് മേഖലാ സമ്മേളനം ജില്ലാ പ്രസിഡന്റ് ഹരീഷ് പാലക്കുന്ന് ഉദ്ഘാടനം ചെയ്യുന്നു

ആൾ കേരള ഫോട്ടോഗ്രാഫേർസ് അസോസിയേഷൻ കാസർകോട് മേഖല ഭാരവാഹികളായ സഞ്ജീവ റൈ (പ്രസി), രാജേന്ദ്രൻ വി എൻ (സെക്ര), രതീഷ് കെ (ട്രഷ)

പ്ലാവുള്ളക്കയ അയ്യപ്പ ഭജന മന്ദിരം മാതൃസമിതി

കുറ്റിക്കോൽ: പ്ലാവുള്ളക്കയാ ശ്രീ ധർമ്മ ശാസ്താ ഭജന മന്ദിരം മാതൃ സമിതി ഭാരവാഹികളെ തിരഞ്ഞെടുത്തു. ബി ഭാർഗ്ഗവി (രക്ഷാധികാരി), രുഗ്മിണി കുഞ്ഞിരാമൻ (പ്രസി), മഞ്ജുഷ ഗോപാലകൃഷ്ണൻ (സെക്ര), പി പവിത്രി (ട്രഷ) എന്നിവരാണ് ഭാരവാഹികൾ. 23 അംഗ കമ്മറ്റിയും രൂപീകരിച്ചു.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് മണ്ഡല കാലാചാരങ്ങൾ നിലനിറുത്തുവാൻ യോഗം തീരുമാനിച്ചു.

അധികൃതരെ കാത്തു നിൽക്കാതെ: *ഉപ്പള ബസ് സ്റ്റാന്റിലെ വലിയ കുഴി സമീപത്തെ വ്യാപാരികളുടെ നേതൃത്വത്തിൽ മൂടുന്നു. വാഹന- കാൽനടയാത്രക്കാർക്ക് ഈ കുഴി വലിയ വിഷമം ഉണ്ടാക്കിയിരുന്നു*

മുളിയാർ സർവീസ് സഹകരണ ബാങ്ക് ഇറക്കിയ നെൽകൃഷിയുടെ വിളവെടുപ്പ് കാനത്തൂർ കോരിക്കണ്ടത്ത് ഇന്ന് രാവിലെ ബാങ്ക് പ്രസിഡന്റ് പി രാമചന്ദ്രൻ നിർവ്വഹിക്കുന്നു.

തിരഞ്ഞെടുപ്പ് ആവേശം:കർണ്ണാടകയിൽ നിന്ന് ഇഷ്ടംപോലെ മദ്യവും പുകയില ഉൽപ്പന്നങ്ങളും

പെർള: തെരഞ്ഞെടുപ്പിന് മുന്നോടിയായി പ്രവർത്തകർക്ക് ആവേശം പകരുന്നതിന് കർണ്ണാടകയിൽ നിന്നു സംസ്ഥാനത്തേക്ക് ഇഷ്ടംപോലെ മദ്യവും പുകയില ഉൽപ്പന്നങ്ങളും കടത്തുന്നു. അതേ സമയം തെരഞ്ഞെടുപ്പ് പ്രമാണിച്ചു സംയുക്ത വേട്ട ആരംഭിച്ചെന്ന എക്സൈസിന്റെയും പൊലീസിന്റെയും പരിശോധനയിൽ വെറും പരിശോധനയാണെന്നു നാട്ടുകാർ പരിഹസിക്കുന്നു.ബദിയഡുക്ക, നീർച്ചാൽ, മാന്യ, പെർള, സ്വർഗ്ഗ, കിന്നിംഗാർ, മുള്ളേരിയ, പൈക്ക, നെല്ലിക്കട്ട ഭാഗങ്ങളിലേക്കാണ് കർണ്ണാടക മദ്യം പ്രവഹിക്കുന്നത്. കാറിൽ രണ്ടു സംഘങ്ങൾ മത്സരിച്ചു മദ്യം കടത്തുകയാണെന്നു നാട്ടുകാർ പറയുന്നു. പകൽ സമയത്താണ് മദ്യക്കടത്ത് കർണ്ണാടക ഗോവ, നിർമ്മിത വിദേശ മദ്യം എന്നപേരുള്ള മദ്യമാണ് ഇവർ എത്തിക്കുന്നത്. കർണ്ണാടകയിൽ 45 രൂപ വിലയുള്ള 180 മില്ലിയുടെ മദ്യക്കുപ്പി 100 രൂപക്കാണ് ഇവിടങ്ങളിൽ അവർ വിൽക്കുന്നത്. ഏജന്റുമാർക്കു 60 രൂപക്കാണ് ഒരു കുപ്പി മദ്യം മൊത്ത വ്യാപാരികൾ നൽകുന്നതെന്നു പറയുന്നു. ഒരാഴ്ച മുമ്പ് ആദൂർ പൊലീസും എക്സൈസും സംയുക്തമായി മദ്യ വേട്ടക്കിറങ്ങിയെങ്കിലും ഇറങ്ങിയതുപോലെ മടങ്ങുകയായിരുന്നുവത്രേ. പലയിടത്തും മദ്യ വിൽപ്പനക്കാർക്ക് സബ് ഏജന്റുമാരുള്ളതും അവർ പൊലീസിന്റെയും എക്സൈസിന്റെയും നീക്കങ്ങൾ അപ്പപ്പോൾ അറിയിക്കുന്നതുകൊണ്ടുമാണ് പ്രതികളെ പിടിക്കാനോ, മദ്യം പിടിച്ചെടുക്കാനോ കഴിയാത്തതെന്ന് അധികൃതർ പറയുന്നു. അതേ സമയം റെയ്ഡ് സംഘത്തിൽ നിന്നും രഹസ്യം ചോരുന്നുണ്ടെന്നും ആക്ഷേപമുണ്ട്.

മുള്ളേരിയ ടൗണിൽ സർക്കാർ ബിവറേജസ് മദ്യഷാപ്പ് ഉണ്ടെങ്കിലും കർണ്ണാടക നിർമ്മിത മദ്യമാണ് കുടിയൻമാർക്ക് പ്രിയമെന്നു പറയുന്നു. കർണ്ണാടക മദ്യത്തിനു ഗുണം മെച്ചമാണെന്നും വില തുച്ഛമാണെന്നും വ്യാപക പ്രചരണവുമാണ്. കർണ്ണാടക മദ്യം കുടിച്ചുടനെ ലഹരി നൽകുന്നുണ്ടത്രേ. അത്തരം മദ്യമാണ് കുടിയൻമാർക്കു ഇഷ്ടമെന്നതും കർണ്ണാടക മദ്യത്തോടുള്ള പ്രിയത്തിനു കാരണമായി എടുത്തുകാട്ടുന്നു.

അതിർത്തികളിലൂടെ നിരോധിച്ച പുകയില ഉൽപ്പന്നങ്ങൾ വ്യാപകമായി ജില്ലയിലെത്തുന്നു. ഏത്തടുക്ക സമീപത്തെ ഒരു പ്രധാന ഏജന്റും കൂട്ടാളികളും ചേർന്നാണ് പുലർച്ചെ കാറിൽ പുകയില ഉൽപ്പന്നങ്ങൾ കേരളത്തിലേക്ക് കടത്തുന്നതെന്നാണ് പറയുന്നത്. ബദിയഡുക്ക, നീർച്ചാൽ, മുള്ളേരിയ ഭാഗങ്ങളിൽ അവരത് എത്തിക്കുന്നു. പല തവണ എക്സൈസ് പിടികൂടിയിട്ടും ഈ സംഘം വീണ്ടും പുകയില കടത്തു തുടരുകയാണെന്ന് ആക്ഷേപമുണ്ട്. മദ്യവും പുകയില ഉൽപ്പന്നങ്ങളും കേരളത്തിലേക്ക് വ്യാപകമായി കടത്തുന്നതു പിന്നിൽ വൻ റാക്കറ്റുണ്ടെന്നും സംസാരമുണ്ട്.

തെരഞ്ഞെടുപ്പിനു മുമ്പ് പലയിടത്തും സ്റ്റോക്ക് വയ്ക്കുകയും തിരഞ്ഞെടുപ്പ് സമയത്ത് മദ്യത്തിന് ഒരു ക്ഷാമവുമുണ്ടാതിരിക്കാനുള്ള കരുതലുമാണ് ഇപ്പോൾ നടക്കുന്നതത്രേ. മദ്യ-മയക്കുമരുന്നു കടത്തിനെതിരെ കർശന നടപടിവേണമെന്ന് ആവശ്യം വ്യാപകമായിട്ടുണ്ട്.

ഓറിയന്റേഷൻ പ്രോഗ്രാം 24 ന്

കാസർകോട്: എൽ എസ് ജി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾക്കു വേണ്ടി നടത്തുന്ന ഓറിയന്റേഷൻ പരിപാടി 24 ന് ഉച്ചയ്ക്ക് വീഡിയോ കോൺഫറൻസ് മുഖേന നടത്തും. എൽ എസ് ജി ഡി പ്രിൻസിപ്പൽ സെക്രട്ടറി, കെ എസ് ഡി എം ഒ മെമ്പർ സെക്രട്ടറി, ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. ഗ്രാമപഞ്ചായത്തിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ എന്നിവർ അതാത് ഗ്രാമപഞ്ചായത്തിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഉൾപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി വകുപ്പ് എഡി എന്നിവർ അതാത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും മുനിസിപ്പൽതല അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ ഉൾപ്പെട്ട മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ, സിഡിപിഒ എന്നിവർ അതത് നഗരസഭകളിൽ നിന്നും മറ്റുള്ളവർ സൗകര്യപ്രദമായ കേന്ദ്രങ്ങളിൽ നിന്നും സൂം മുഖേന വീഡിയോ കോൺഫറൻസിൽ പങ്കെടുക്കണമെന്ന് ഡെപ്യൂട്ടി കളക്ടർ(എൽ എ) അറിയിച്ചു.

പാൻപരാഗ് പിടിച്ചു

കുമ്പള: 198 പാക്കറ്റ് പാൻപരാഗുമായി നായിക്കാപ്പിലെ ഗണേശ് നായക്കി(48)നെ കുമ്പള പൊലീസ് പിടിച്ചു. എസ് ഐ സന്തോഷിന്റെ നേതൃത്വത്തിലാണ് അറസ്റ്റ്.

മൂന്നു ലോഡ് മണൽ പിടികൂടി

ബദിയഡുക്ക: അനധികൃതമായി കടത്തുകയായിരുന്ന മൂന്നു ലോഡ് മണൽ പിടികൂടി. ബാപ്പാലിപ്പൊനം, നാരമ്പാടി, നീർച്ചാൽ എന്നിവിടങ്ങളിൽ ബദിയഡുക്ക പൊലീസ് നടത്തിയ പരിശോധനയിലാണ് മണൽ പിടികൂടിയത്.

Vol -27, Issue No -226 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: **256225, Office: 256751, 255322, Circulation: 255725, Res:223237** P.B No: 26, E-Mail: karavaldaily@hotmail.com